# തേങ്ങയിടാൻ തൊഴിലുറപ്പുകാർ വരുമോ?

ജയിംസ് ജേക്കബ്

കോട്ടയം: തേങ്ങയുടെ വില 3-5 രൂപയായി താഴ്ന്നതോടെ നാളികേരകർഷകർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ. ഒരു തെങ്ങിൽനിന്നുള്ള വരുമാനം കൂലിച്ചെലവിനുപോലും തികയുന്നില്ലെന്നതാണു സ്ഥിതി. ഒരു തെങ്ങിൽ കയറി വിളവെടുക്കുന്നതിനു 30 രൂപയാണു കൂലി. പത്തു തേങ്ങയെങ്കിലും ഒരു തവണ കിട്ടിയാൽ മാത്രമേ ഇത്രയും വരുമാനം കൃഷിക്കാരനു ലഭിക്കൂ. തേങ്ങാ പെറുക്കിക്കൂട്ടുന്നവർക്കുള്ള കൂലി വേറെ കണ്ടെത്തുകയും വേണം. സംസ്ഥാനത്തെ ഭൂരിപക്ഷം തെങ്ങുകളിലും ഉത്പാദനക്ഷമത ഇതിലും കുറവാണുതാനും. ഈ സാഹചര്യത്തിൽ നാളികേരത്തിന്റെ വിളവെടുപ്പു മൂന്നു മാസത്തിലൊരിക്കൽപോലും നടത്താൻ കൃഷിക്കാർ മടിക്കുകയാണ്.

വിലയിടിവുമൂലമുള്ള പ്രതിസന്ധി മറികടക്കാനായി നാളികേര വിളവെടുപ്പ് തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദേശത്തിന്റെ പ്രസക്തി ഇവിടെയാണ്. വിളവെടുപ്പിനുള്ള കൂലിച്ചെലവുപോലും കണ്ടെത്താനാവാത്ത കർഷകർക്കു വലിയ ഒരു സഹായമായിരിക്കുമിത്. കേരളത്തിലെ എല്ലാ ജില്ലകളിലും 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന പേരിൽ നാളികേര വികസന ബോർഡ് തെങ്ങുകയറ്റക്കാരുടെ സംഘങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള വേതനം കുറവാണെന്നതു തെങ്ങു കയറ്റക്കാരെ പിന്തിരിപ്പിക്കുന്ന ഒരു ഘടകമാണ്. എന്നാൽ, ഈ പ്രശ്നം മറികടക്കാനായി തെങ്ങുകയറ്റയന്ത്രത്തിന്റെ വാടകയായി കൂടുതൽ തുക അവർക്കു നല്കിയാൽ മതിയാവും. വിളവെടുപ്പും കീടരോഗ നിയന്ത്രണവുമൊക്കെ പ്രത്യേകം ജോലികളായി കണ്ട് അധികവേതനം നല്കുന്നതും പരിഗണിക്കാം.